ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

(2) തിരുവനന്തപുരം—എറണാകുളം തീവണ്ടിപ്പാത ഇരട്ടിപ്പിക്കൽ

ശ്രീ. പി. വിജയദാസ്: സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു. ''തിരുവനന്തപുരം-എറണാകുളം തീവണ്ടിപ്പാത ഇരട്ടിപ്പിച്ച് വൈദ്യുതവൽക്കരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മേൽ സമ്മർദ്ദം ചെലുത്തണമെന്ന് സംസ്ഥാന സർക്കാരിനോട് ഈ സഭ അഭ്യർത്ഥിക്കുന്നു''. കേരളത്തിലെ റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ തികഞ്ഞ അവഗണനയാണ് കാലാകാലങ്ങളിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. എല്ലാ കാലങ്ങളിലും ബഡ്ജറ്റ് അവതരിപ്പിക്കുമ്പോഴും കേന്ദ്ര ബഡ്ജറ്റിന്റെ ഒരു ശതമാനംപോലും വരുന്ന തുക കേരളത്തിലെ റെയിൽവേ വികസനത്തിനു വേണ്ടി മാറ്റിവയ്ക്കാറില്ല. ഈ വർഷം ഏകദേശം ഇരുപതുകോടി രൂപ മാത്രമാണ് കേരളത്തിലെ റെയിൽവേ വികസനത്തിനുവേണ്ടി മാറ്റിവച്ചിട്ടുള്ളത്. അത് മൊത്തം വിഹിതത്തിന്റെ ഒരു ശതമാനത്തിനു താഴെയാണ്. ഇത്രമാത്രം അവഗണന മറ്റൊരു കാര്യത്തിലും കേന്ദ്രമുണ്ടാക്കിയിട്ടില്ല. ഞാൻ മറ്റു കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. 186 കോടി രൂപ മുതൽമുടക്കുവരുന്ന പാലക്കാട് കോച്ച് ഫാക്ടറി ഈ സംസ്ഥാനത്തിന് നൽകാമെന്ന് മുൻ പ്രധാനമന്ത്രി ഉറപ്പ് നൽകിയിരുന്നു. പ്രധാനമന്ത്രി മാത്രമല്ല ഈ സംസ്ഥാനത്തെ മുഖ്യമന്ത്രിയടക്കമുള്ള പല ആളുകളും 186 കോടി രൂപ മുതൽമുടക്ക് വരുന്ന.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പാലക്കാട് കോച്ച് ഫാക്ടറി കേരളത്തിൽ അനുവദിക്കാത്തത് ഈ സംസ്ഥാനത്തോട് കാണിച്ച കടുത്ത അവഗണനയാണെന്നും പഞ്ചാബ് മോഡൽ സമരം ചെയ്യണമെന്നും പറഞ്ഞ ശ്രീ. ബാലകൃഷ്ണപിള്ളയുടെ മന്ത്രിസ്ഥാനം ഒരിക്കൽ നഷ്ടപ്പെടുകയും പിന്നീട് അദ്ദേഹം വീണ്ടും സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്തു. ശ്രീ. ബാലകൃഷ്ണപിള്ളയെ വീണ്ടും സത്യവാചകം ചൊല്ലിച്ചത് തെറ്റാണെന്ന് പറഞ്ഞുകൊണ്ട്. ഗവൺമെന്റിനെതിരായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇന്ന് വിധി പ്രഖ്യാപിച്ചിട്ടുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. വിജയദാസ്: ബഹുമാനപ്പെട്ട കോടതിയുടെ വിധി അങ്ങനെയാണെന്ന് ഇവിടെ കേൾക്കാനിടയായി. ഈ പ്രമേയത്തിന്.....

ഡോ. കെ. സി. ജോസഫ്: സത്യവാചകം ചൊല്ലിച്ചത് തെറ്റാണെന്ന് വിധിയുണ്ടായിട്ടില്ല. ഇല്ലാത്ത വിധി ഇവിടെ പറഞ്ഞുണ്ടാക്കേണ്ട കാര്യമില്ല. ഇത് അടിസ്ഥാനരഹിതമാണ്.

ശ്രീ. പി. വിജയദാസ്: എന്തായാലും കിട്ടിയ വിവരം വച്ചുകൊണ്ടാണ് പറഞ്ഞത്. 186 കോടി രൂപ മുതൽമുടക്കുള്ള പാലക്കാട് കോച്ച് ഫാക്ടറി ഇവിടെനിന്ന് പഞ്ചാബിലേക്ക് കൊണ്ടുപോയി. ഇത്തരത്തിൽ കാലാകാലങ്ങളിൽ റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ ഈ സംസ്ഥാനത്തോട് കേന്ദ്ര ഗവൺമെന്റ് കാണിക്കുന്ന അവഗണന ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് ഞാൻ ഇത് പറഞ്ഞത്. ഒരു കാര്യം

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ സൂചിപ്പിക്കുന്നു. വണ്ടിക്കൂലി കൊടുത്ത് ട്രെയിനിൽ സഞ്ചരിക്കുന്ന ആളുകളാണ് ഭൂരിഭാഗവും കേരളത്തിലുള്ളത്. മറ്റൊരു സംസ്ഥാനത്തും വണ്ടിക്കൂലി കൊടുത്തല്ല ട്രെയിനിൽ ആളുകൾ സഞ്ചരിക്കുന്നത്. മറ്റു സംസ്ഥാനങ്ങളിലെ റെയിൽവേയിൽനിന്ന് കിട്ടുന്ന വരുമാനത്തേക്കാൾ വളരെ കൂടുതലാണ് ഈ സംസ്ഥാനത്തുനിന്ന് കേന്ദ്രത്തിന് കിട്ടുന്നത്. സതേൺ റെയിൽവേയിൽ, മദ്രാസ് സെൻട്രൽ സ്റ്റേഷനിലാണ് ഏറ്റവും കൂടുതൽ വരുമാനമുള്ളത്. പക്ഷേ അവിടെ ഓടുന്ന വണ്ടികളുടെ എണ്ണവും തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽക്കൂടി ഓടുന്ന വണ്ടികളുടെ എണ്ണവും താരതമ്യപ്പെടുത്തിയാൽ മദ്രാസ് സെൻട്രൽ സ്റ്റേഷനിൽ കിട്ടുന്നതിനേക്കാൾ മൂന്നിരട്ടി വരുമാനം തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽനിന്നും ലഭ്യമാകുന്നു. പ്രതിദിനം മൂന്നരലക്ഷം രൂപയാണ് തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽനിന്നുമാത്രം ലഭ്യമാകുന്നത്. മദ്രാസിൽ ഓടുന്ന വണ്ടികളുടെ കണക്കും തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽനിന്ന് പുറപ്പെടുന്ന വണ്ടികളുടെ കണക്കുമെടുത്ത് പരിശോധിച്ചാൽ അതിന്റെ അന്തരം നമുക്ക് ബോദ്ധ്യമാകും. ഇത്രമാത്രം വരുമാനം കേരളത്തിലെ ജനങ്ങളുണ്ടാക്കിക്കൊടുത്തിട്ടും കാലാകാലങ്ങളിൽ റെയിൽവേയുടെ വികസനത്തിന്റെ കാര്യത്തിൽ കേന്ദ്രഗവൺമെന്റ് തികഞ്ഞ അവഗണനയാണ് പുലർത്തുന്നത്. ഞാൻ എന്റെ പ്രമേയത്തിന്റെ ഉള്ളടക്കത്തിലേക്ക് കടക്കുന്നു. കായംകുളം എറണാകുളം തീരദേശ റെയിൽവേ 1983-ൽ പൂർത്തിയാക്കണമെന്നായിരുന്നു കണക്ക്. ഇപ്പോഴും അതിന്റെ പണി പരിപൂർണ്ണമായി തുടങ്ങിയെന്ന് പറയാറായിട്ടില്ല. അതിന് മതിയായ സാമ്പത്തിക പ്രൊവിഷൻ ബഡ്ജറിൽ ഉണ്ടാക്കിയിട്ടില്ല. ഇത്തരത്തിലാണ് കായംകുളം-എറണാകുളം റെയിൽവേയുടെ പണി നീങ്ങുന്നതെങ്കിൽ 1990 ആയാലും അതിന്റെ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. തിരുവനന്തപുരം മുതൽ എറണാകുളംവരെയുള്ള തീവണ്ടിപ്പാതയിൽക്കൂടി ഓടുന്ന വണ്ടികളുടെ കണക്ക് പരിശോധിച്ചാൽ നമ്മൾ അന്ധാളിച്ചുപോകും. ദിവസം ഏകദേശം 42 സർവ്വീസ്സുകളാണ് ആളുകളെയും കയറ്റിക്കൊണ്ട് തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള തീവണ്ടിപ്പാതയിൽക്കൂടി ഓടുന്നത്. അതിനുപുറമേയാണ് ഗൂഡ്സ് സർവ്വീസ്. ദിവസം ശരാശരി ആറിൽക്കൂടുതൽ ഗൂഡ്സ് സർവ്വീസുകളും തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള തീവണ്ടിപ്പാതയിൽക്കൂടി ഓടുന്നു. ഇത്രയും സർവ്വീസുകളും ഈ തീവണ്ടിപ്പാതയിൽക്കൂടി ഓടുന്നതുകൊണ്ട് സമയത്തിന് ഒരു വണ്ടിയ്ക്കും എത്താൻ കഴിയുന്നില്ല. പല വണ്ടികളും അര മണിക്കൂറും ഒരു മണിക്കൂറും താമസിച്ചാണ് നിശ്ചിത സ്ഥാനങ്ങളിൽ എത്തിച്ചേരുന്നത്. തിരുവനന്തപുരത്തുനിന്നും എറണാകുളത്തേക്ക് അത്യാവശ്യം എത്തിച്ചേരേണ്ട പലരും റോഡുമാർഗ്ഗമാണ് ഇപ്പോൾ സ്വീകരിക്കുന്നത്. നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രിപോലും അത്യാവശ്യത്തിന് എറണാകുളത്ത് എത്തിച്ചേരാനുണ്ടെങ്കിൽ ട്രെയിനിൽ സഞ്ചരിക്കാനില്ല കാറിലാണ് സഞ്ചരിക്കുന്നത്. അതിവേഗത്തിൽ എത്തിച്ചേരണമെങ്കിൽ ട്രെയിനിൽ സഞ്ചരിച്ചാൽ സാദ്ധ്യമല്ല. അത്രമാത്രം ദുർഘടമാണ് നമ്മുടെ തീവണ്ടിപ്പാത. ഈ പാതയിൽ ദിവസംപ്രതി ഒരു ഗൂഡ്സ് ട്രെയിനെങ്കിലും പാളം തെറ്റി മറിയാറുണ്ട്. അങ്ങനെ പാളംതെറ്റി മറിഞ്ഞാൽ ദിവസങ്ങളോളം ആ പാതയിൽക്കൂടി വണ്ടിയോടാൻ കഴിയാത്ത സാഹചര്യമുണ്ട്. അങ്ങനെ എത്രയോ ദിവസങ്ങളാണ് അത്യാവശ്യത്തിന് യാത്ര ചെയ്യുന്ന ആളുകളുടെ യാത്ര മുടക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ തീവണ്ടിപ്പാതയിൽക്കൂടി നേരത്തേ വാഹനങ്ങൾ ഓടിക്കൊണ്ടിരുന്നത് 110 കിലോമീറ്റർ വേഗതയിലാണ്. അതിനേക്കാൾ കൂടുതൽ സ്പീഡിനു വണ്ടി ഓടിക്കാനുള്ള സാങ്കേതികമായ സാമഗ്രികൾ വണ്ടികൾക്ക് ഉണ്ടെങ്കിലും ഇപ്പോൾ 85 കിലോമീറ്റർ സ്പീഡിലാണ് വാഹനങ്ങൾ ഓടിക്കുന്നത്. അതു മറ്റൊന്നും കൊണ്ടല്ല. അങ്ങനെ ഓടിക്കാനേ വാഹനങ്ങൾക്കു കഴിയുന്നുള്ളൂ. വാഹനങ്ങൾ ഇത്രമാത്രം തിങ്ങിനിറഞ്ഞ ഓടുന്ന ഈ തീവണ്ടിപ്പാത ഇരട്ടിച്ചാൽ മാത്രമേ ഇതിനു പരിഹാരമുണ്ടാക്കാൻ കഴിയൂ. തിരുവനന്തപുരം, കായംകുളം, ആലപ്പുഴ വഴി എറണാകുളം വരെയുള്ള ഈ തീവണ്ടിപ്പാത ഇരട്ടിച്ചാൽ ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കാൻ കഴിയും. അത്രമാത്രം ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകളാണ് ഇതിൽ യാത്ര ചെയ്യുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഇവിടെ അവതരിപ്പിച്ച പ്രമേയത്തിനു മറുപടി പറയേണ്ടത് മിനിസ്റ്റർ ശ്രീ. ബാലകൃഷ്ണപിള്ളയാണ്. എന്നാൽ അദ്ദേഹത്തിനെതിരായി കോടതിയിൽ നിലവിലുള്ള കേസ്സിൽ ശ്രീ. ബാലകൃഷ്ണപിള്ള പ്രതിജ്ഞാലംഘനം നടത്തിയെന്ന് കോടതി സ്ട്രിക്ചർ പുറപ്പെടുവിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഭരണഘടനാപരമായ പ്രശ്നമുണ്ടോയെന്ന് പരിശോധിക്കാൻ ഡിവിഷൻ ബഞ്ചിനു വിട്ടിരിക്കുകയും ചെയ്യുന്നു..... .....(ബഹളം).....അതുകൊണ്ട് അദ്ദേഹം സ്വയം ഒഴിഞ്ഞു പോകണമെന്നാണ് കോടതി നിർദ്ദേശം. അതു കോടതി ഡിവിഷൻ ബഞ്ചിനു ഭരണഘടനാപരമായി റഫർ ചെയ്തിരിക്കുന്നു..... .....(ബഹളം).....

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ ഒരു ക്രമപ്രശ്നമുന്നയിക്കുകയാണ്. ഈ സഭയിൽ റൂൾ 304 അനുസരിച്ച് ഒരു സബ്മിഷൻ ഉന്നയിക്കാൻ ഒരുമെമ്പർക്ക് അവകാശമുണ്ട്. പക്ഷേ ഒരു റസല്യൂഷൻ ചർച്ച നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ക്രമരഹിതമായി മറ്റൊരു വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് ഓർഡറിലാണോ? സർ, ഞാൻ എന്റെ ക്രമപ്രശ്നം ഉന്നയിച്ചിരിക്കുകയാണ്. എന്റെ ക്രമപ്രശ്നം ബഹുമാനപ്പെട്ട ചെയർ കേട്ടുകൊണ്ടിരുന്ന അവസരത്തിലാണ് ബഹുമാനപ്പെട്ട സ്പീക്കർ വന്നത്. സർ, ഞാൻ റൂൾ 304 അനുസരിച്ചാണ് ക്രമപ്രശ്നമുന്നയിച്ചത്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഇവിടെ ഒരു നോൺ ഒഫിഷ്യൽ റസല്യൂഷൻ അവതരിപ്പിച്ചിരിക്കുകയാണ്. അതിനുമറുപടി പറയേണ്ടത് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ബാലകൃഷ്ണപിള്ളയാണ്. സർ, ഇന്ന് കോടതിയിൽ നിന്നും അദ്ദേഹം പ്രതിജ്ഞാലംഘനം നടത്തിയെന്നു സ്ട്രിക്ചർ വരുകയും അദ്ദേഹം സ്വയം ഒഴിഞ്ഞുപോകണമെന്നുള്ള രീതിയിൽ സൂചിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഭരണഘടനാപരമായ പ്രശ്നമുണ്ടോയെന്ന് പരിശോധിക്കാൻ ഡിവിഷൻ ബഞ്ചിനു വിട്ടിരിക്കുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ ആ മന്ത്രിക്കു മറുപടി പറയാൻ അർഹതയില്ല. മന്ത്രിക്കു മറുപടി പറയാൻ അർഹതയില്ലാത്ത നിലയ്ക്ക്, ഈ പ്രമേയം അവതരിപ്പിക്കുന്നത് ഓർഡറിലാണോ എന്നാണ് ഞാൻ ചോദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. വിജയദാസ് ഒരു പ്രമേയം അവതരിപ്പിച്ചു കൊണ്ടിരിക്കുകയാണ്.....

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ആ പ്രമേയത്തിനു മറുപടി പറയേണ്ട മന്ത്രി രാജിവച്ചു പോകേണ്ടതാണ്. അദ്ദേഹത്തിന് കോടതി വിധി പ്രകാരം അയോഗ്യത പ്രഖ്യാപിച്ചിരിക്കുന്നു. അതുകൊണ്ട് ഇതു മാറ്റിവയ്ക്കണം.

ശ്രീ. ഇ. കെ. നായനാർ: സർ, ജസ്റ്റീസ് സുകുമാരൻ വിധിച്ചിരിക്കുകയാണ്.

Shri Balakrishna Pillai had Violated the oath Office. ജസ്റ്റീസ് സുകുമാരൻ ഇപ്പോഴേ വിധിച്ചിരിക്കുകയാണ്. .....(ബഹളം) .....വിധിച്ചിട്ടില്ലെന്നു നിങ്ങൾ പറഞ്ഞുകൊള്ളൂ. അതു ഫുൾ ബെഞ്ചിനു വിട്ടിരിക്കുകയാണ്. അദ്ദേഹത്തിനെപ്പറ്റി കോടതി നടത്തിയ സ്ട്രിക്ച്ചറിൽ Shri Balakrishna Pillai, Minister for Electricity, had violated the oath of office while making a speech last year എന്നു പറഞ്ഞ് ഇപ്പോൾ പി. ടി. ഐ. അടിച്ചുവന്നിരിക്കുകയാണ്. ഇപ്പോൾ ഫുൾ ബഞ്ചിനു വിട്ടിരിക്കുകയാണ്. അങ്ങനെ ഇവിടെ വന്ന സ്ഥിതിക്കു ശ്രീ. ബാലകൃഷ്ണപിള്ളക്കു മന്ത്രിയായിരിക്കാൻ അവകാശമില്ല.....(ബഹളം).....ഈ പ്രമേയത്തിനു മറുപടി പറയാൻ അവകാശമില്ല.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഈ പ്രമേയത്തിന് അദ്ദേഹമാണ് മറുപടി പറയേണ്ടത്.

മി. സ്പീക്കർ: ഇപ്പോൾ അങ്ങ് ഉന്നയിച്ച പ്രശ്നം സഭയുടെ മുന്നിലുള്ള പ്രശ്നമല്ല. ഇപ്പോൾ ഇവിടെ ശ്രീ. വിജയദാസാണ് പ്രമേയം അവതരിപ്പിക്കുന്നത്. ശ്രീ. വിജയദാസ് അങ്ങ് പ്രമേയം അവതരിപ്പിക്കൂ .....(ബഹളം).....

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഒരു സഹമന്ത്രിയെ നിശ്ചയിക്കാനുള്ള പൂർണ്ണമായ അധികാരം ഭരണഘടനാപരമായി മുഖ്യമന്ത്രിക്ക് ആണെന്നുള്ളതാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നിലപാട്.....(ബഹളം).....ഇക്കാര്യത്തിൽ ആ ഭരണഘടനാപരമായ മൗലികമായ പ്രശ്നങ്ങളെ ഹൈക്കോടതി പരാമർശിച്ചിട്ടില്ല. പരിശോധിക്കാൻ ഡിവിഷൻ ബഞ്ചിനു റഫർ ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ഈ അവസരത്തിൽ അതു പ്രസക്തമല്ല. മറ്റു നടപടികളും ....(ബഹളം).....

ശ്രീ. വി. കെ. രാജൻ: സർ, മുഖ്യമന്ത്രിക്കു ഒന്നും പ്രസക്തമല്ല. എന്താണ് പ്രസക്തം.....?

ശ്രീ. ഇ. കെ. നായനാർ: സർ, violated the oath of office എന്നാണ് ജസ്റ്റീസ് സുകുമാരൻ പറഞ്ഞത്. ജസ്റ്റീസ് സുകുമാരന്റെ വിധി അതാണ്. അതുകൊണ്ട് ശ്രീ. ബാലകൃഷ്ണപിള്ള രാജി വയ്ക്കണം..... .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിജയദാസ്: സർ, ഞാൻ പറഞ്ഞു വന്നത് നമ്മുടെ റെയിൽവേപ്പാത ഇരട്ടിക്കണമെന്നാണ്. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള തീവണ്ടിപ്പാതയുടെ ദീർഘം 220 കിലോമീറ്ററാണ്. സർ, ഈ പാത തീരദേശത്തുകൂടി എറണാകുളംവരെ ഇരട്ടിച്ച് അതു പരിഷ്കരിക്കുകയാണെങ്കിൽ 20 കിലോമീറ്റർ ദൂരം ലാഭം അക്കാര്യത്തിൽ മാത്രം നമുക്കുണ്ടാകും. അപ്പോഴും 220 കിലോമീറ്റർ യാത്ര ചെയ്യുന്ന ഇന്നത്തെ വാഹനങ്ങൾക്കു 20 കിലോമീറ്റർ കുറച്ചു സഞ്ചരിച്ചാൽ മതി. അതു പോലെതന്നെയാണ് വാഹനങ്ങളുടെ സ്പീഡിന്റെ കാര്യവും. 110 കിലോമീറ്ററിനേക്കാൾ കൂടുതൽ സ്പീഡിൽ വാഹനങ്ങൾ ഓടിക്കാനും കഴിയും. ഇന്ന് അതു ഓടിക്കാൻ കഴിയാതിരിക്കുന്നത് വാഹനങ്ങളുടെ കൂടുതൽകൊണ്ട് പലപ്പോഴും പല സ്ഥലങ്ങളിലും ഹാൾട്ട് ഉണ്ടാകുന്നതുകൊണ്ടാണ്. 85 കിലോമീറ്റർ സ്പീഡിലാണ് പല വാഹനങ്ങളും ഇപ്പോൾ സഞ്ചരിക്കുന്നത്. പക്ഷേ 110 കിലോമീറ്ററിനേക്കാൾ കൂടുതൽ വേഗതയിൽ വാഹനങ്ങൾ ഓടിക്കാൻ കഴിയും. 220 കിലോമീറ്ററിൽ നിന്ന് 200 കിലോമീറ്ററായി ആ ദൂരം കുറയുകയും ചെയ്താൽ ഇത് തിരുവനന്തപുരത്തുനിന്നും എറണാകുളം എത്തുന്നതിന് ഒരു മണിക്കൂർ സമയം ലാഭിക്കാൻ കഴിയുമെന്നുള്ളതാണ് വസ്തുത.....

(ചർച്ച തുടരും)

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച (24-11-1986) 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 നവംബർ 24-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്ക് 12.30-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly